കേരള കൗമുദി
SINCE 1911
Kozhikode 20 Dec 2022

# ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ@ 100 ദേശീയസെമിനാറിന് തുടക്കം



ചേളന്നൂർ ശ്രീനാരായണഗുരു കോളേജിൽ നടക്കുന്ന സെമിനാറിൽ ഡോ.ദീപേഷ് കരിമ്പുങ്കര സംസാരിക്കുന്നു

ചേളന്നൂർ : മഹാകവി കുമരനാശാന്റെ കാവ്യങ്ങളായ ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ എന്നീകൃതികളുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് ചേളന്നൂർ ശ്രീനാരായണഗുരു കോളേജിൽ നടക്കുന്ന രണ്ടു ദിവസത്തെ ദേശീയ സെമിനാറിന് തുടക്കമായി. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രാദേശികകേന്ദ്രവും ശ്രീനാരായണഗുരു കോളേജ് മലയാളവിഭാഗവും ചേർന്നാണ് ചണ്ഡാല ഭിക്ഷുകി, ദുരവസ്ഥ@ 100 എന്ന പേരിൽ സെമിനാർ നടത്തുന്നത്. കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സത്യൻ.എം സെമിനാർ ഉദ്ഘാടനം ചെയ്തു. നോവലിസ്റ്റും അദ്ധ്യാപികയുമായ ആർ.രാജശ്രീ സാവിത്രിയും മാതംഗിയും : സ്ത്രീപക്ഷ വായന എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. 'ആശാൻ കവിത അന്വേഷണവും പുനരാലോചനയും' എന്ന വിഷയത്തിൽ കൽപ്പറ്റ നാരായണൻ പ്രഭാഷണം നടത്തി. ഡോ. സന്തോഷ് സി.ആർ പ്രബന്ധമവതരിപ്പിച്ചു. ഗവേഷകരായ അശ്വതി.കെ , രമ്യ.എസ്.ആർ , രേഷ്മ എസ്.ആർ. പ്രവീൺ.കെ.ടി എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സംഗീത.ജി.നായർ, നീതു.പി, ഷിനി.എം, ഡോ.അനസ്റ്റിത, ശരജ.ആർ, ഇതിഹാസ് എന്നിവർ പങ്കെടുത്തു. ഷിജു.കുമാർ.ടി, ഡോ.ബിന്ദു.ടി.വി, മുംതാസ്.പി.കെ തുടങ്ങിയവർ മോഡറേറ്ററായി.

ഡോ.ദീപേഷ് കരിമ്പുങ്കര സ്വാഗതവും ഡോ. ബിന്ദു.എം.കെ നന്ദിയും പറഞ്ഞു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Kozhikode